HLM-0090

The Heavenly Light Ministry

സേനയിന്നധിപൻ ദേവനിലതിയായ്
ആശ്രയമെവന്നുണ്ടോ ... ആയവൻ ഏവരിലുമതിധന്യൻ
യാഹിൻ വാസമെന്തതികാമ്യം ... ആ ... ആ ....
വാഞ്ചിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും ... സേന

കുരികിൽ തനിക്കൊരു വീടും മീവൽ
പറവതൻ കുഞ്ഞുങ്ങൾക്കായ് നല്ലൊരു കൂടും കണ്ടെത്തിയല്ലോ
നിൻ തിരു ബലിപീഠം തന്നെ ... ആ ... ആ ...
ധന്യർ നിന്നാലയത്തിൽ വസിപ്പോർ
നിത്യം സ്തുതിക്കുമവർ നിന്നെ ... സേന

ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമാണെന്നും താഴ്ച ഭവിക്കുകയില്ലെന്നു
ഈ വിധമുള്ളോർ മനസ്സുകളിൽ ... ആ ... ആ ...
നിർണ്ണയമുണ്ട് നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ ... സേന

കണ്ണുനീർ താഴ്‌വരയതു വഴിയായവർ
യാനം ചെയ്യുമ്പോൾ ആയതു മാറും ജലാശയമായ്
മുൻ മഴയനുഗ്രഹ പൂർണ്ണമതായ് ... ആ ... ആ ...
പ്രാപിക്കും ബലമവർ ബലത്തിനു മേൽ
ചെന്നെത്തുമേവരും സീയോനിൽ ... സേന